**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2642** **12-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളുടെ പലിശ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ പ്രാഥമിക സഹകരണ ബാങ്കുകളുടെ പലിശ നിരക്ക് ഇപ്പോൾ നിശ്ചയിക്കുന്നത് ആരാണ്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ മേഖലയിലെ മുഴവൻ സംഘങ്ങളുടെയും/ ബാങ്കുകളുടെയും നിക്ഷേപങ്ങളുടെയും നൽകുന്ന വായ്പകളുടെയും പലിശ നിർണയിക്കുന്നത് റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ കാലാകാലങ്ങളിൽ പണനയം പ്രഖ്യാപിയ്ക്കുന്നതിന്റെ ഭാഗമായി നിശ്ചയിയ്ക്കുന്ന പലിശ നിരക്കിന്റെ അടിസ്ഥാനത്തിൽ ഇതര ബാങ്കുകൾ തീരുമാനിക്കുന്ന നിക്ഷേപ/വായ്പാ പലിശയുമായി താരതമ്യ പഠനം നടത്തി പലിശ നിർണ്ണയ സമിതി സമർപ്പിയ്ക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ്. |
| (ബി) | സഹകരണ ബാങ്കുകളുടെ പലിശ ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | റിസർവ്വ് ബാങ്ക് കാലാകാലങ്ങളിൽ സ്വീകരിക്കുന്ന വായ്പാ നയങ്ങൾക്കനുസൃതമായി ഇതര ബാങ്കുകളുടെ നിക്ഷേപ/വായ്പാ പലിശയുമായി താരതമ്യം നടത്തി പലിശ നിർണയ ഉപസമിതി സമർപ്പിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് നിലവിൽ സഹകരണ മേഖലയിലെ പലിശ നിർണയിക്കുന്നത്. നിലവിലെ പലിശ ഘടനയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിൽ ഇല്ലാത്തതാണ്. |
| (സി) | കേരളത്തിലുണ്ടായ രണ്ട് പ്രളയവും പിന്നീട് വന്ന കോവിഡ് മഹാമാരിയും കാരണം സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തവർ അത് തിരിച്ചടക്കാൻ പ്രയാസപ്പെടുന്നത് കൊണ്ട് എൻ.പി.എ. യുടെ ശതമാനത്തിൽ മാറ്റം വരുത്തുന്നതിനെ കുറിച്ച് ആലോചിക്കുമോ; വിശദമാക്കാമോ? | (സി) | കോവിഡ് മഹാമാരിയും തുടർന്നുള്ള അടച്ചിടലും കാരണം സംസ്ഥാനത്തിന്റെ ഉത്പാദന വ്യാപാര മേഖലകളിൽ ഉണ്ടാക്കിയിട്ടുള്ള ആഘാതം സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിലെ വായ്പാ തിരിച്ചടവിൽ വലിയ കുറവ് ഉണ്ടാക്കുകയും വായ്പാ കുടിശ്ശിക വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ കുടിശ്ശിക വായ്പക്കും വായ്പയിൻമേൽ ഉള്ള പലിശക്കും കരുതൽ വയ്ക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ